## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*672 04.04.2018 ൽ മറുപടിക്ക്**

**റോഡുകളുടെ ഇരുവശത്തും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ തടയുന്നതിനും വീഥികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും മരാമത്ത് വകുപ്പ് സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് പ്രധാന റോഡുകളുടെ ഇരുവശത്തും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ;<br><br>ബി) എങ്കിൽ തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി എന്ന് മുതൽ ആരംഭിക്കുമെന്നും ഇത് ഏത് ഏജൻസിയെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | എ) & ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡിന്റെ വശങ്ങളിൽ സ്ഥലം ലഭ്യമായ ഭാഗങ്ങളിൽ സോഷ്യൽ ഫോറസ്ട്രി വകുപ്പ് മരം വച്ച് പിടിപ്പിക്കുന്നുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പും സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് ഇതിനായി പദ്ധതിയൊന്നും രൂപീകരിച്ചിട്ടില്ല. റോഡിന്റെ വശങ്ങളിൽ മരം വച്ച് പിടിപ്പിക്കൽ വലിയ പ്രശ്നമാണ് വികസനകാലത്ത് വരുത്തുന്നത്. വനംവകുപ്പ് അനുവാദം നൽകാതെ പണി നിർത്തിയ നിരവധി സംഭവങ്ങൾ ഉണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം റോഡിന്റെ ഭൂമിയിൽ മറ്റ് വകുപ്പുകൾ കയ്യേറാതിരിക്കുന്നതാണ് ഉചിതം. വനംവകുപ്പിന് റോഡിനു മേൽ മൗലികാവകാശം ഇല്ല. മരാമത്ത് വകുപ്പിനാണ് ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം അധികാരം. നിയമങ്ങൾ ജനങ്ങൾക്ക് വേണ്ടിയാണ്. ഉദ്യോഗസ്ഥന്മാർക്ക് വേണ്ടിയല്ല എന്നതാണ് സർക്കാർ നിലപാട് എല്ലാവരേയും ഒഴിപ്പിക്കുന്നതാണ്. |
| സി) റോഡുവികസനത്തിന്റെ ഭാഗമായി വൻതോതിൽ തണൽമരങ്ങൾ മുറിച്ച് മാറ്റുന്നത് തടയാൻ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | സി) റോഡുവികസനത്തിന്റെ ഭാഗമായി സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ അനുവാദത്തോടും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ റോഡു വികസനത്തിനാവശ്യമുള്ള മരങ്ങൾ മാത്രമാണ് മുറിച്ചുമാറ്റുന്നത്. എന്നാൽ റോഡുവികസനത്തിന്റെ പേരിൽ ആവശ്യമില്ലാതെ മരങ്ങൾ മുറിച്ചുമാറ്റാറില്ല. |

സെക്ഷൻ ഓഫീസർ